# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:4151** — **24.10.2016-ൽ മറുപടിക്ക്**

## നിഖിലിന്റെ തിരോധനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കാസർഗോഡ് ഉദുമ സ്വദേശി നിഖിലിനെ കപ്പൽ ജോലിക്കിടെ കാണാതായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ബോഷം ബ്രസൽസ് കപ്പലിലെ കാറ്ററിംഗ് ജീവനക്കാരനായിരുന്ന നിഖിലിനെ 2016 ആഗസ്റ്റ് 11-ന് പുലർച്ചെ കാണാതായ സംഭവം വീട്ടുകാരെ ബന്ധപ്പെട്ടവർ അറിയിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (സി) ഇതു സംബന്ധിച്ച് കാണാതായ നിഖിലിന്റെ ബന്ധു ശ്രീജിത്ത് വി.വി. എന്നയാളിന്റെ പരാതി പ്രകാരം ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 487/16 u/s. 57 KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കേസിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന Anglo Eastern Ship Management Company 03.01.2016 തീയതി STSM MV Bochem Bressels എന്ന ഷിപ്പിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ മേൽപറഞ്ഞ നിഖിൽ എന്നയാളെ ചീഫ് കുക്കിങ് അസിസ്റ്റന്റ് ട്രെയിനി എന്ന തസ്തികയിലേയ്ക്ക് റിക്രൂട്ട് ചെയ്തു കൊടുത്തിരുന്നതായും 11.08.2016 തീയതി രാവിലെ 05.50 മണിയ്ക്ക് കപ്പലിലെ ഭക്ഷണശാല ക്ലീൻ ചെയ്ത ശേഷം റെസ്റ്റിനായി നിഖിൽ പോയതായും തിരിച്ച് ജോലിക്ക് കയറാറുള്ള നിഖിലിനെ കാണാത്തതിനെ തുടർന്ന് അന്വേഷിച്ച് പോയ ചീഫ് കുക്ക് റൂമിലും കപ്പലിലും കണ്ടെത്താൻ സാധിക്കാത്തതിനാൽ വിവരം ക്യാപ്റ്റനെയും തുടർന്ന് സാധാരണ ചെയ്യാറുള്ളതുപോലെ STSM MV Bochem Bresselsൽ നിന്ന് തൊട്ടടുത്ത് കപ്പലിലേയ്ക്ക് മെസേജ് അയച്ചതായും ശേഷം MRCC Panamanion Aero Navel Serviceനെയും |

പെട്ടെന്നു വിവരം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ് എന്ന് അറിവായിട്ടുണ്ട്. STSM MV Bochem Bressels ഹോങ്കോങ് രജിസ്ട്രേഷൻ ഷിപ്പും ആ രാജ്യത്തിലെ നിയമവ്യവസ്ഥയ്ക്ക് അനുസരിച്ച് അന്വേഷിച്ച് വരുന്നതായും അറിവായിട്ടുള്ളതാണ്. STSM MV Bochem Bressels കപ്പലിൽ സംഭവ സമയം നിഖിലിന്റെ മേൽ ഉദ്യോഗസ്ഥരായി ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന മലയാളിയായ ടി കപ്പലിന്റെ ക്യാപ്റ്റൻ ശ്രീനേഷ് കടശ്വരി, മഹാരാഷ്ട്രക്കാരനായ ചീഫ് കുക്ക്, മറ്റ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്നവരെയും കണ്ടു ചോദ്യം ചെയ്യാൻ ബാക്കിയുണ്ട്. ഇപ്പോൾ കേസ് ബേക്കൽ സബ് ഇൻസ്പെക്ടർ അന്വേഷിച്ച് വരികയാണ്.

Rumm

**സെക്ഷൻ ഓഫീസർ**

4/-